"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ അളഗപ്പാ നഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.സുബാഷ് പി.ബി-ക്ക് എതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.835/2026/LSGD തീയതി,തിരുവനന്തപുരം, 30-03-2026

പരാമർശം:-

1. സ.ഉ. (സാധാ) നം.861/2023/ത.സ്വ.ഭ.വ തീയതി, 11-04-2023.
2. സ.ഉ. (സാധാ) നം. 866/2023/ത.സ്വ.ഭ.വ തീയതി,12-04-2023.
3. 10/08/2023 ലെ ഇപിബി3/118/2023-LSGD നമ്പർ ഇതേ നമ്പർ കുറ്റപത്രം.
4. ശ്രീ. സുബാഷ് പിബി. 03/10/2023 ൽ സമർപ്പിച്ച വിശദീകരണം.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12/01/2024 തീയതിയിലെ LSGD/PD/54562/2023-VIGC4 നമ്പർ കത്ത്.
6. സ.ഉ.(സാധാ)നം. 415/2024/തസ്വഭവ. തീയതി 20/02/2024.
7. തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ 25/04/2025 ലെ LSGD/JD/TSR/6593/2023-A4 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ്**

2023 ഏപ്രിൽ 17 മുതൽ 21 വരെ ന്യൂഡൽഹിയിൽ നടന്ന "നാഷണൽ പഞ്ചായത്ത് അവാർഡ് വീക്കിൽ" രണ്ട് ബാച്ചുകളായി പങ്കെടുക്കുന്നതിന് പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം 46 പ്രതിനിധികൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു. 17/04/2023-ന് ദേശീയ പഞ്ചായത്ത് അവാർഡ് വിതരണവും തുടർന്നുള്ള ദിവസങ്ങളിലെ വിവിധ തീമുകളിലെ അവാർഡ് ലഭിച്ച ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ് പ്രതിനിധികളുടെ സെമിനാർ സെഷനുകളുമാണ് നിശ്ചയിച്ചിരുന്നത്.

2. ഗുഡ് ഗവേണൻസ് എന്ന തീമിൽ മൂന്നാം സ്ഥാനം ലഭിച്ച അളഗപ്പാ നഗർ ഗ്രാമ പഞ്ചായത്തിന്റെ പ്രസ്തുത വിഷയത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ പ്രസന്റേഷൻ നിശ്ചയിച്ചിരുന്നത് 18/04/2023 ഉച്ചയ്ക്ക് ശേഷമാണ്. ആയത് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രതിനിധികളെ മുൻകൂട്ടി അറിയിച്ചിരുന്നതുമാണ്. എന്നാൽ അളഗപ്പാ നഗർ ഗ്രാമപഞ്ചായത്തിന്റെ പ്രതിനിധികളായ പ്രസിഡന്റ് ശ്രീ.പ്രിൻസൻ തയ്യാലക്കൽ, വൈസ്

പ്രസിഡന്റ് ശ്രീമതി കെ.രാജേശ്വരി, സെക്രട്ടറി ശ്രീ.സുബാഷ് പി.ബി. എന്നിവർ ഡൽഹിയിൽ ഉണ്ടായിരുന്നിട്ടും **18/04/2023** തീയതിയിൽ സെമിനാർ ഹാളിൽ എത്തുകയോ സെമിനാറിൽ പങ്കെടുത്ത് പ്രസന്റേഷൻ നടത്തുകയോ ചെയ്തില്ല. നാഷണൽ പഞ്ചായത്ത് അവാർഡ് വീക്കിന്റെ നോഡൽ ഓഫീസറായ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ഓഫീസർ ശ്രീ. സുഭാഷ് എസ്.ടി. പഞ്ചായത്തിന്റെ പ്രതിനിധികളെ പല പ്രാവശ്യം ബന്ധപ്പെട്ട് സെമിനാറിൽ പങ്കെടുക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ടി ഗ്രാമ പഞ്ചായത്തിന്റെ സെക്രട്ടറി ഉൾപ്പെടെ ഒരു പ്രതിനിധിപോലും സെമിനാറിൽ പങ്കെടുത്ത് പ്രസന്റേഷൻ നടത്താൻ തയ്യാറായില്ല എന്നു മാത്രമല്ല സെമിനാർ നടന്ന ഓഡിറ്റോറിയത്തിലേക്ക് അന്നേ ദിവസം വരിക പോലും ചെയ്തില്ല. ഏപ്രിൽ **17**-ന് അവാർഡ് വിതരണ ചടങ്ങിൽ പങ്കെടുത്തെങ്കിലും ഏപ്രിൽ **18**-ന് ഔദ്യോഗിക പരിപാടിയിൽ പങ്കെടുക്കാതെ മറ്റ് സ്ഥലങ്ങളിൽ സന്ദർശിച്ച ശേഷം രാത്രി തിരികെ കേരളാ ഹൗസിൽ താമസ്സിക്കുകയുമാണ് ഉണ്ടായത് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3.** പൊതുപരിപാടിയിൽ പങ്കെടുക്കുന്നതിന് നിയോഗിക്കപ്പെട്ട പ്രതിനിധികൾ ഔദ്യോഗിക പരിപാടിയിൽ പങ്കെടുക്കാതിരുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. കൂടാതെ യാത്രയ്ക്കും താമസത്തിനും അനുവദിക്കുന്ന പൊതുപണത്തിന്റെ ദുർവിനിയോഗവും നടത്തിയിരിക്കുന്നതിനാൽ അളഗപ്പാ നഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.സുബാഷ് പി.ബി-ക്കെതിരെ പരാമർശം **(3)** പ്രകാരം കുറ്റപത്രം നൽകി വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

**4.** അളഗപ്പാ നഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.സുബാഷ് പി.ബി. പരാമർശം **(4)** പ്രകാരം സമർപ്പിച്ച വിശദീകരണത്തിൽ, ശക്തമായ പനിയും വയറിളക്കവും കാരണം മുറിയിൽ നിന്നും പുറത്തിറങ്ങാൻ പോലും പറ്റാത്ത അവസ്ഥയിലായിരുന്നതിനാലാണ് ഏപ്രിൽ **18**-ന് ചടങ്ങിൽ പങ്കെടുക്കാതിരുന്നത് എന്നും പഞ്ചായത്തിനെ പ്രതിനിധീകരിച്ച് പ്രസന്റേഷൻ നടത്തുന്നതിന് പ്രസിഡന്റ് ശ്രീ.പ്രിൻസൺ തയ്യാലക്കൽ-നെയായിരുന്നു പഞ്ചായത്ത് രാജ് മന്ത്രാലയം ചുമതലപ്പെടുത്തിരുന്നത് എന്നും അന്നേ ദിവസം പ്രസന്റേഷൻ നടത്തുന്നതിന് ആവശ്യമായ മെറ്റീരിയൽ തയ്യാറാക്കി പ്രസിഡന്റിനെ ഏൽപ്പിച്ചിരുന്നതും അദ്ദേഹം പരിപാടിയിൽ പങ്കെടുത്ത് പ്രസന്റേഷൻ നടത്തുന്നതാണ് എന്ന് അറിയിച്ചിരുന്നതുമാണ്. നിർഭാഗ്യവശാലാണ് പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും കൃത്യ സമയത്ത് പരിപാടിയിൽ പങ്കെടുക്കുന്നതിന് സാധിക്കാതെ വന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ചുരുങ്ങിയ സമയത്തിൽ ദേശീയ അവാർഡ് ലഭിക്കുന്നതിന് വേണ്ടി രാത്രികളിലും പ്രവർത്തിച്ച് അവാർഡ് ലഭിക്കുന്നതിന് വലിയ പങ്ക് വഹിച്ചിരുന്നു എന്നും നിർഭാഗ്യവശാൽ മാത്രമാണ് സെമിനാറിൽ പങ്കെടുക്കുവാൻ സാധിക്കാതെ വന്നത് എന്നും അവാർഡ് പരിപാടിയിൽ പങ്കെടുക്കുന്നതിന് വേണ്ടി പഞ്ചായത്തിന്റേയോ സർക്കാറിന്റേയോ പണം ഉപയോഗിച്ചിട്ടില്ല എന്നും അറിയിക്കുകയുണ്ടായി.

**5.** മേൽ വിശദീകരണത്തിന്മേൽ, പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(5)** പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

*അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06/05/2023 തീയതിയിലെ കത്ത് ലഭ്യമായതിൽ പറയുന്നത് 2023 ഏപ്രിൽ 18, 3 PM-ന് ആയിരുന്നു പഞ്ചായത്തിന് പ്രസന്റേഷനായി സമയം അനുവദിച്ചിരുന്നത് എന്നും എന്നാൽ അന്നേ ദിവസം ഡൽഹിയിൽ*

*ഉണ്ടായിരുന്നു എങ്കിലും അസുഖം മൂലം സെക്രട്ടറിയ്ക്ക് വരുവാൻ കഴിഞ്ഞില്ല എന്നും വൈസ് പ്രസിഡന്റിനൊപ്പം പുറപ്പെട്ടു എങ്കിലും ഗതാഗത തടസ്സം മൂലം സമയത്തിന് എത്താൻ കഴിഞ്ഞില്ല എന്നും ഇക്കാര്യത്തിൽ സെക്രട്ടറിക്ക് എതിരെ അച്ചടക്കനടപടി ഉണ്ടാകരുത് എന്നുമാണ്.*

*ശ്രീ. സുബാഷ് പി.ബി-യുടെ മറുപടി പരിശോധിച്ചതിൽ നിന്നും ന്യൂഡൽഹിയിൽ വച്ച് **2023** ഏപ്രിൽ **17** മുതൽ **21** വരെ നടന്ന നാഷണൽ പഞ്ചായത്ത് അവാർഡ് വീക്ക് എന്ന പ്രോഗ്രാമിന്റെ ദിവസങ്ങളിൽ ടിയാൻ ഡൽഹിയിൽ ഉണ്ടായിരുന്നു എന്നത് വ്യക്തമാകുന്നതാണ്. പ്രസ്തുത യാത്രയ്ക്ക് പൊതുപണം ഉപയോഗിച്ചാലും ഇല്ലെങ്കിലും ഓദ്യോഗിക ആവശ്യാർത്ഥം നടത്തിയ യാത്രയായതിനാൽ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുകയും പഞ്ചായത്തിനായി നിശ്ചയിക്കപ്പെട്ട സെക്ഷനിൽ കൃത്യസമയം പാലിച്ചുകൊണ്ട് പ്രസന്റേഷൻ നടത്തുകയോ ആയതിനായി നിശ്ചയിക്കപ്പെട്ട പഞ്ചായത്ത് പ്രതിനിധികൾ ആയത് നടത്തുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് സെക്രട്ടറി എന്ന നിലയിൽ ടിയാന്റെ ഉത്തരവാദിത്വമാണ്.*

**6.** മേൽ അഭിപ്രായ റിപ്പോർട്ടും ശ്രീ.സുബാഷ് പി.ബി. യുടെ വിശദീകരണവും പരിശോധിച്ചതിൽ, ടിയാനെതിരെ പുറപ്പെടുവിച്ച കുറ്റാരോപണപത്രികയിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച് ടിയാൻ നൽകിയ വിശദികരണം പൂർണ്ണമായും തൃപ്തികരമല്ല എന്ന് കണ്ട് അളഗപ്പ നഗർ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. സുബാഷ്.പി.ബി-യ്ക്കെതിരെ **KCS(CC&A) Rules, 1960**-ലെ ചട്ടം **15** പ്രകാരം ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ-നെ ചുമതലപ്പെടുത്തി പരാമർശം **(6)** പ്രകാരം ഉത്തരവായിരുന്നു. അതനുസരിച്ച് പരാമർശം **(7)** പ്രകാരം ലഭ്യമാക്കിയ ഔപചാരിക അന്വേഷണം റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

***2023** ഏപ്രിൽ **17** മുതൽ **23** വരെ ന്യൂഡൽഹിയിൽ നടന്ന ദേശീയ പഞ്ചായത്ത് അവാർഡ് വിതരണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലെ അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് പങ്കെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതും, ഗുഡ് ഗവേണൻസ് എന്ന തീമിൽ മൂന്നാം സ്ഥാനം ലഭിക്കുകയുമുണ്ടായി. **17** ന് നടന്ന അവാർഡ് വിതരണത്തെ തുടർന്ന് **18** ന് പുരസ്കാരാർഹമായ തീമിൽ പ്രസന്റേഷൻ നടത്തുന്നതിന് പഞ്ചായത്ത് രാജ് മന്ത്രാലയത്തിൽ നിന്നും ആവശ്യപ്പെടുകയുണ്ടായി. **18** ന് വൈകിട്ട് **3.00** മുതൽ **3.15** വരെയുള്ള സമയമാണ് പ്രസന്റേഷൻ നടത്തുന്നതിന് അനുവദിച്ചിരുന്നത്. പ്രസന്റേഷൻ വീഡിയോ നേരത്തേ തന്നെ തയ്യാറാക്കി നൽകിയിരുന്നു. പ്രസന്റേഷൻ നടത്തുന്നതിന് പ്രസിഡന്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. അന്നേ ദിവസം സെക്രട്ടറിക്ക് പനി, വയറിന് അസുഖം എന്നിവ പിടിപെട്ട് മുറിക്ക് പുറത്തിറങ്ങാനാകാത്ത അവസ്ഥയായിരുന്നു. പ്രസിഡന്റും, വൈസ് പ്രസിഡന്റും ചേർന്ന് അവതരണം നടത്താമെന്ന് അറിയിച്ച് താമസ സ്ഥലത്തു നിന്നും **12** കി.മീ. ദൂരത്തുള്ള ഹാളിലേക്ക് പുറപ്പെട്ടെങ്കിലും, കൃത്യ സമയത്ത് എത്തി ചേരുവാൻ സാധിച്ചില്ല. പ്രതിനിധികളെ ആവർത്തിച്ച് വിളിച്ചെങ്കിലും, ആരെയും കാണാത്തതിനാൽ സിസ്റ്റം മാനേജർ പ്രസന്റേഷൻ നടത്തുകയുണ്ടായി.*

*ഡൽഹിയിൽ വെച്ച് 2023 ഏപ്രിൽ 17 മുതൽ 21 വരെ നടന്ന നാഷണൽ പഞ്ചായത്ത് അവാർഡ് എന്ന പ്രോഗ്രാമിലെ ദിവസങ്ങളിൽ ഡൽഹിയിൽ ഉണ്ടായിരുന്നു എന്നത് ടിയാളുടെയും, പ്രസിഡന്റിന്റേയും, വൈസ് പ്രസിഡന്റിന്റേയും മൊഴികളിൽ നിന്നും വ്യക്തമാണ്. പ്രസ്തുത യാത്രയ്ക്ക് പൊതുപണം ഉപയോഗിച്ചാലും ഇല്ലെങ്കിലും ഓദ്യോഗിക ആവശ്യാർത്ഥം നടത്തിയ യാത്രയായതിനാൽ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുകയും പഞ്ചായത്തിന് നിശ്ചയിക്കപ്പെട്ട തീയതിയിൽ കൃത്യസമയം പാലിച്ച് കൊണ്ട് പ്രസന്റേഷൻ നടത്തുകയും, ആയതിന് സാധിക്കുന്നില്ലെങ്കിൽ നിശ്ചയിക്കപ്പെട്ട പഞ്ചായത്ത് പ്രതിനിധികൾ ആയത് നടത്തുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും സെക്രട്ടറി എന്ന നിലയിൽ ടിയാളുടെ ചുമതലയാണ്.*

*അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം പ്രെസന്റേഷൻ നടത്തുന്നതിന് മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തലേന്ന് തന്നെ അറിയിപ്പ് ലഭിച്ചിട്ടുള്ളതും, അവരിൽ നിന്നും മുൻകൂട്ടി വിവരണം എഴുതി വാങ്ങി പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. എന്നാൽ അളഗപ്പ നഗർ ഗ്രാമപഞ്ചായത്തിനോട് ഇത്തരത്തിൽ ഒന്നും ആവശ്യപ്പെടാതെ 18 ന് രാവിലെ വാട്സ് ആപ്പ് സന്ദേശമായി പ്രസന്റേഷൻ വിവരങ്ങൾ അറിയിക്കുകയാണുണ്ടായത്. പരിചിതമല്ലാത്ത സ്ഥലത്ത് ഗതാഗത കുരുക്കിൽപ്പെട്ട് സമയത്തിന് എത്തിചേരുവാൻ കഴിഞ്ഞില്ല.*

*മേൽ വിഷയത്തിൽ ദേശീയ പഞ്ചായത്ത് ദിനാഘോഷത്തിന്റെ നോഡൽ ഓഫീസറും, പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ഓഫീസറുമായ ശ്രീ.സുഭാഷ് -നെ നേരിൽ കേട്ടതിൽ, അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, ജനപ്രതിനിധികളും പ്രസന്റേഷൻ നടത്തുന്നതിന് പ്രസിഡന്റിനെ ചുമലപ്പെടുത്തി പരിപാടിയുടെ പട്ടിക നൽകിയിട്ടുള്ളതും അവതരണത്തിനുള്ള സമയമായിട്ടും, ആവർത്തിച്ച് വിളിച്ചിട്ടും പ്രതിനിധികളെ കാണാത്തതിനെ തുടർന്ന്, സെക്രട്ടറിയെ ഫോണിൽ വിളിച്ചപ്പോഴാണ് ആരും തന്നെ ഹാളിൽ എത്തിയിട്ടില്ല എന്ന് അറിയുന്നത്. തുടർന്ന് സംസ്ഥാനത്തിന്റെ സൽപേര് കളയാതിരിക്കുവാൻ സിസ്റ്റം മാനേജർ പൊതുവായ കാര്യങ്ങൾ അവതരിപ്പിക്കുകയാണുണ്ടായത്.*

*ദേശീയ തലത്തിൽ സംസ്ഥാനത്തിന്റേയും, ഗ്രാമപഞ്ചായത്തിന്റേയും യശസ്സ് ഉയർത്തിപ്പിടിക്കേണ്ട അവസരത്തിൽ, പരിപാടിയിൽ ആരും തന്നെ പങ്കെടുക്കാതിരുന്നത്, മനപൂർവമല്ലെങ്കിലും സെക്രട്ടറിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി കണക്കാക്കാവുന്നതാണ്. സെക്രട്ടറി എന്ന നിലയിൽ പഞ്ചായത്ത് പ്രതിനിധികൾ നിയുക്ത പരിപാടിയിൽ പങ്കെടുക്കുന്നു എന്നത് ഉറപ്പ് വരുത്തുന്നതിൽ ജാഗ്രതക്കുറവുണ്ടായിട്ടുണ്ട്. ഏകോപന പ്രവർത്തനങ്ങളിൽ സെക്രട്ടറിക്കുണ്ടായ ജാഗ്രതക്കുറവിന് ലഘുശിക്ഷ ചുമത്താവുന്നതാണ് എന്ന് ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ ശിപാർശ ചെയ്തിരുന്നു.*

7. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നാഷണൽ പഞ്ചായത്ത് അവാർഡ് എന്ന പ്രോഗ്രാമിൽ സംസ്ഥാനത്തിന്റെ യശസ്സ് ഉയർത്തിപ്പിടിക്കേണ്ട പരിപാടിയിൽ ആരും തന്നെ പങ്കെടുക്കാതിരുന്നത് നിർഭാഗ്യകരമാണ്. സെക്രട്ടറിക്ക് അസുഖം

ബാധിച്ചതിനാലാണ് പ്രസന്റേഷൻ നടത്തുന്നതിന് പ്രസിഡന്റിനെ ചുമലപ്പെടുത്തിയത് എങ്കിലും ഏകോപന പ്രവർത്തനങ്ങളിൽ സെക്രട്ടറിക്കുണ്ടായ വീഴ്ചക്ക് അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സുബാഷ് പി.ബി-യ്ക്കെതിരെ **KCS(CC&A) Rules, 1960**-ലെ ചട്ടം **15** പ്രകാരം ആരംഭിച്ച നടപടിയിൽ ഇളവ് വരുത്തി **KCS(CC&A) Rules, 1960**-ലെ ചട്ടം **11 (i)** പ്രകാരം "സെൻഷ്വർ" നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. സുബാഷ് പി.ബി., മുൻ സെക്രട്ടറി, അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
3. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി. *(ഫയൽ നം.ഇപിബി2/118/2024/തസ്വഭവ.)*

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 30-03-2026 12:46:39
സെക്ഷൻ ഓഫീസർ